# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 983    30.11.2018 -ലെ മറുപടി

### പ്രളയം മൂലം തകർന്ന കടലുണ്ടിപ്പുഴയുടെ തീരങ്ങൾ

### ചോദ്യം

**ശ്രീ.പി.ഉബൈദുള്ള**

(എ) പ്രളയക്കെടുതി മൂലം തകർന്നടിഞ്ഞ മലപ്പുറം മണ്ഡലത്തിലെ മലപ്പുറം നഗരസഭ, ആനക്കയം, കോഡൂർ പഞ്ചായത്തുകളുടെ പരിധിയിൽ വരുന്ന കടലുണ്ടിപ്പുഴയുടെ തീരങ്ങൾ പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ഭാഗങ്ങളിൽ ഉണ്ടായ നാശനഷ്ടങ്ങളുടെ കണക്കുകൾ എടുത്തിട്ടുണ്ടോ;പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ;വിശദാംശം നൽകുമോ;

(സി) ഇല്ലെങ്കിൽ ആവശ്യമായ സ്ഥലങ്ങളിൽ എത്രയും വേഗം പാർശ്വഭിത്തി കെട്ടി ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുമോ?

### മറുപടി

**കെ.കൃഷ്ണൻകുട്ടി**

(ജലവിഭവ വകുപ്പുമന്ത്രി)

(എ) യും (ബി) യും (സി) യും പ്രളയക്കെടുതിമൂലം തകർന്നടിഞ്ഞ മലപ്പുറം മണ്ഡലത്തിലെ മലപ്പുറം നഗരസഭ, ആനക്കയം കോഡൂർ പഞ്ചായത്തുകളുടെ പരിധിയിൽ വരുന്ന കടലുണ്ടിപ്പുഴയുടെ തീരങ്ങൾക്കുണ്ടായ നാശനഷ്ടങ്ങൾ സംബന്ധിച്ച് സർവ്വെ നടത്തി സമർപ്പിച്ച കണക്കുകൾ ജില്ലാ ഭരണകൂടം പരിശോധിച്ചുവരുന്നു.

2018 -ലെ പ്രളയത്തിൽ ജലസേചന വകുപ്പിന് കീഴിൽ സംസ്ഥാനത്തൊട്ടാകെ യുണ്ടായ നാശനഷ്ടങ്ങൾ പരിഹരിക്കുന്ന തിനായി 1068 കോടി രൂപയുടെ പുനരുദ്ധാരണ പ്രവർത്തികൾ സംബന്ധിച്ച ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്. ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് പ്രവൃത്തിയുടെ പ്രാധാന്യവും കൂടി കണക്കിലെടുത്ത് തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ